LEGISLATIVE BUSINESS.

THE TRAVANCORE MINIMUM WAGES BILL. (Third reading)

HON'BLE MR. A. J. JOHN: Sir, I beg to move that the Travancore Minimum Wages Bill be passed, and in doing so, I wish to move also that (1) in clause 1, sub-clause (1), for the figures "112" the figures "1124" be substituted and also (2) that in clause 19, line 5 for the word "or," the word "for" be substituted.

HON'BLE MR. N. KUNJURAMAN: I second it.

The amendments were put to vote and carried.

The motion that the Bill be passed subject to the above amendments was put and carried.

The Bill was passed.

THE TRAVANCORE PREVENTION OF ADULTERATION BILL.

(Third Reading)

HON'BLE MR. E. K. MADHAVAN: I move that the Travancore Prevention of Adulteration Bill be passed subject to the following amendments:—

(1) in clause 1 sub-clause (1), for the figures "112", the figures "1124" be substituted;

(2) in clause 9, sub-clause (2), line 3, between the words "warranty" and "had", the word "he" be inserted;

(3) in the proviso to sub-clause (3) of clause 10, last line, between the words "prohibiting" and "the", the words "or restricting" be inserted;

(4) in clause 13, sub-clause (1), article (ii), for the word "brought," the word "bought" be substituted.

HON'BLE MR. A. J. JOHN: I second it.

The motion that the above amendments be passed was put and carried.

The motion that the Bill be passed subject to the above amendments was put and carried.

The Bill was passed.

THE TRAVANCORE TAXATION ON INCOME (INVESTIGATION COMMISSION) BILL.

MR. E. P. PAULOSE: ക്രമവിരുദ്ധമായി ആദായനികുതി ഈടാക്കിയിട്ടുള്ളതു തിരിച്ചുകൊടുക്കേണ്ട ചില കേസുകളെപ്പറ്റി ഞാൻ കഴിഞ്ഞ ദിവസം സഭയിൽ പ്രസ്താവിച്ചു. ഇങ്ങനെ കൂടുതലായി ഈടാക്കിയതുകകം തിരിച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു ഒരാക്ഷേപം ഒരു പക്ഷേ പറഞ്ഞേക്കാം; അതായതു് ആദായനികുതി കൂടുതലായി കൊടുത്തുപോയിട്ടുള്ളവരുടെ കേസ്സുകളും പുനഃപരിശോധന നടത്തിനിട്ടുള്ളതും അവസാനമായി തീർച്ച ചെയ്തിട്ടുള്ളതും ആയതിനാൽ ആയതു

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Paulose.]

റീഫണ്ട് ചെയ്യുന്നത തെറ്റായിരിക്കുമെന്ന്. അങ്ങനെയാണെങ്കിൽ വളരെ കുറച്ചുമാത്രം ഈടാക്കിയിട്ടുള്ള ഒരു കേസ്സിൽ ആ ആളിൽ നിന്ന് വളരെ കൂടുതലായ വല്ല തുകയും ഈ അക്ററന്സരിച്ച് ഒരു കമ്മീഷൻ പരിശോധിച്ച് ഈടാക്കുന്നതും തെറ്റായിരിക്കും. ഗവണ്മെൻറിലേയ്ക്ക കൂടുതൽ തുക ഈടാക്കുന്നതിനുവേണ്ടി ഒരു പുനഃപരിശോധന നടത്തുമെങ്കിൽ ഒരാളുടെ കയ്യിൽനിന്ന കൂടുതലായി തുക ഈടാക്കിയിട്ടുണ്ടോ എന്ന നിർണ്ണയിക്കേണ്ടതുമാണ്.

MR. ABDUL AZIZ : അതിന ഇപ്പോൾ നിയമം ഇല്ലേ?

MR. E. P. PAULOSE : ഉണ്ട്. അതെനിക്കറിയാം. ഗവണ്മെൻറിൽ നിന്ന് ഒരു കേസിൽ സകല അനേഷണങ്ങളും പൂർത്തിയായി കൂടുതൽ തുക കൊടുക്കേണ്ടെന്ന് തീരുമാനിച്ചതാണെങ്കിൽ പിന്നിട് കഴിഞ്ഞ ആറു വർഷമായി ഈടാക്കേണ്ട തുക ആ വ്യക്തിയിൽനിന്ന ഈടാക്കണമെന്ന് തീരുമാനിക്കുന്നതെങ്ങിനെ? ഇപ്പോൾ അക്ററു ഇരിക്കുന്ന രീതിയിൽ ഗവണ്മെൻറിൽനിന്ന ഒരു കമ്മീഷൻ പുനഃപരിശോധന ചെയ്തതിനുശേഷം കൂടുതൽ ഈടാക്കേണ്ടെന്നും ഈടാക്കിയതു കൂടുതലായിപ്പോയി എന്നും പറഞ്ഞാൽ തിരിച്ചുകൊടുക്കുക എന്നുള്ളതു തീർച്ചയായും ന്യായം മാത്രമാണ്. ആ കേസ് നടത്തുന്നതിനുള്ള ചെലവുകളും തെളിവു ശേഖരിക്കുന്നതിനുള്ള ക്ലേശങ്ങളും സഹിച്ചശേഷം തുക തിരിച്ചുകിട്ടേണ്ടതാണെന്നുവന്നാൽ അതു തിരിച്ചു കിട്ടുകയില്ലെങ്കിൽ വലിയ അനീതിയായിരിക്കും. അതുകൊണ്ട് ഇപ്രകാരം ഒരു വ്യവസ്ഥ ചെയ്യുന്നെങ്കിൽ അതിൽ ഒരു തെറ്റും വരാൻ പാടില്ല. ഈ സംഗതിയെപ്പറ്റി മുൻപു വാദപ്രതിവാദം നടന്നുകൊണ്ടിരിക്കുമ്പോൾ കൃഷി ചെയ്യാതെ തരിശായി കിടക്കുന്ന ഭൂമികൂടി വിൽക്കേണ്ടിവരുന്നതു നന്നായിരിക്കുമെന്നും തൻമൂലം ഭൂസ്വത്തിനെ സംബന്ധിച്ചുള്ള ഒരു ന്യായമായ വിതരണം ഉണ്ടാക്കാൻ സാധിക്കുമെന്നും പറഞ്ഞുകേട്ടു. എനിക്കു പറയാനുള്ളതു് ആദായനികുതി കൊടുക്കാൻ നിവൃത്തിയില്ലാതെ വസ്തുക്കൾ വിൽക്കുന്ന അവസരത്തിൽ അതു ഇല്ലാത്തവക്കല്ല കൂടുതൽ ഉള്ളവക്കാണ് വിൽക്കുന്നതു എന്നാണ്. ഇല്ലാത്ത ആളുകൾക്കു കൊടുക്കാനുള്ള വ്യവസ്ഥയുണ്ടെങ്കിൽ അതു് സൌകര്യപ്രദമായിരിക്കും. വസ്തു ഉടമസ്ഥതയെ സംബന്ധിച്ച് ഒരു സമീകരണം തൻമൂലം ഉണ്ടാകുന്നില്ല. നേരേമറിച്ചു പണമുള്ളവർ വിലകൊടുത്തു വാങ്ങിക്കും. ഇന്ന് അധികാരത്തിലിരിക്കുന്ന രാഷ്ട്രീയകക്ഷി ചില വാഗ്ദാനങ്ങൾ ഭൂമിയുടമയെ സംബന്ധിച്ച് അവ്യക്തമായിട്ടെങ്കിലും ജനങ്ങൾക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഒരാൾക്ക് ഇത്ര ഏക്കർ ഭൂമി എന്ന ഒരു പദ്ധതി നിർണ്ണയിച്ച് ഉള്ള വസ്തുക്കൾ എല്ലാവർക്കും ഭാഗിക്കത്തക്കവണ്ണം ഒരു നിയമം നടപ്പിൽ വരുത്തുകയല്ലാതെ ഏതാനും ചില വ്യക്തികളുടെ കേസ്സുകൾ മാത്രം പുനഃപരിശോധന ചെയ്യുന്നതു ശരിയല്ല. ഈ സംഗതിയിൽ തുക സർക്കാരിലേയ്ക്കു ഈടാക്കാൻ ഒരു നയവും, കൂടുതലായി ഈടാക്കിയ തുക തിരിച്ചുകൊടുക്കുന്നതിന് മറെറാരു നയവും സ്വീകരിക്കുന്ന പക്ഷം ജനങ്ങളോടു നീതി ചെയ്യുവെന്നു വിചാരിക്കാൻ ന്യായമില്ല. എല്ലാ സംഗതികളിലും ജനങ്ങളോടു നീതിചെയ്യുന്ന ഒരു വ്യവസ്ഥയാണുണ്ടാക്കേണ്ടതു് എന്നു് ഉൽബോധിപ്പിച്ചുകൊണ്ടു് ഈ ബില്ലിന്റെ തത്വത്തോടു ഞാൻ അനുകൂലിക്കുന്നു.

MR. A. K. PATCHU PILLAI: സർ, ഈ ബില്ലിനെ അതേപടി അനുകൂലിക്കുന്നതിനും ഈ ബില്ലിൽ ചില ഭേദഗതി വരുത്തണമെന്നു ഇവിടെ കണ്ടതായ ആ അഭിപ്രായഗതിയെ എതിർക്കുന്നതിനുമാണു ഞാൻ നിൽക്കുന്നതു. ഈ ബിൽ അനുസരിച്ച് ഇവിടെ ചില കാര്യങ്ങൾ മാത്രമേ ചെയ്യാൻ നമുക്കവകാശമുള്ളുവെന്നാണു എന്റെ വാദം. ഈ ബില്ലിന്റെ ടൈററിൽ നോക്കിയപ്പോൾ The Travancore Taxation on Income (Investigation Commission) Bill എന്നാണ് കണ്ടതു്. ഇതു സംബന്ധിച്ചുള്ള എന്റെ സ്നേഹിതൻ മി. മാളിയേക്കലിന്റെ വാദഗതികൾ ഞാൻ സശ്രദ്ധം കേട്ടു. അദ്ദേഹത്തിന്റെ വാദത്തിൽനിന്നു എനിക്കു ഒരു സംശയമുണ്ടായി. ഈ ബില്ലിന്റെ പേർതന്നെ ഇങ്ങനെ ആയിരിക്കുമോ എന്നു്. ഞാൻ എത്ര സൂക്ഷിച്ചു നോക്കിയിട്ടും Refund of Taxation on Income Bill എന്നല്ല ഇതിന്റെ പേർ എന്നു് ഞാൻ മനസ്സിലാക്കി. കൂടുതലായി ഈ ബില്ലിന്റെ statement of objects നോക്കിയപ്പോൾ ടാക്സ് കൊടുക്കാതെ ഒഴിഞ്ഞുമാറി നിന്നിട്ടുള്ളവരുടെ കയ്യിൽനിന്ന് ന്യായമായി ഈടാക്കേണ്ട ആദായനികുതി ഈടാക്കാൻ വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നുവെന്നും ഇതുപോലെയുള്ള ഒരു ബിൽ ഇൻഡ്യൻ യൂണിയൻ ഗവണ്മെൻറും പാസ്സാക്കുകയും അതനുസരിച്ചു് പ്രവർത്തിക്കയും ചെയ്തിരിക്കുന്നു എന്നും ആ സ്ഥിതിക്കു ഇവിടത്തെ സ്ഥിതിഗതികളെ പരിഗണിച്ചുകൊണ്ടു ഇപ്പോൾ ഒരു ബിൽ ഉണ്ടാക്കേണ്ടതു ആവശ്യമാണെന്നു കണ്ടിട്ടാണു ഈ ബിൽ ഹാജരാക്കിയിരിക്കുന്നതു എന്നും കാണുന്നു. ഈ പശ്ചാത്തലത്തിൽക്കൂടി നോക്കുന്നപക്ഷം എന്റെ സ്നേഹിതന്മാർ കൈക്കൊണ്ടതായ വാദഗതികൾ എല്ലാംതന്നെ അസംഗതമാണെന്നു കാണാം. പല അവസരങ്ങളിലും

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Patchu Pillai.]

ധാരാളം നികുതി കൊടുക്കേണ്ടവർ പല കാരണങ്ങൾകൊണ്ടും അതു കൊടുക്കാതെ ഒഴിഞ്ഞുമാറുന്നുണ്ട്. ആവക കേസ്സുകൾ പ്രത്യേകം എടുത്തു പുനഃപരിശോധന ചെയ്ത നിയമപ്രകാരം അവർ ഒഴിഞ്ഞുമാറിയ സംഗതി വെളിച്ചത്തു കൊണ്ടുവന്നിട്ട് അവരിൽനിന്നു നികുതി ഈടാക്കുവാനുള്ള ഒരു നിയമമാണു ഞാൻ രാക്കിയിട്ടുള്ളതു്. എന്റെ സ്നേഹിതൻ മി. മാളിയേക്കലിനോടു് ഇതു സംബന്ധിച്ചു് വലിയ അനീതികൾ ഉണ്ടായിട്ടുള്ളതിനു് ഏതെങ്കിലും ഉദാഹരണം കാണിക്കാമോ എന്നു ഞാൻ ചോദിച്ചപ്പോൾ അദ്ദേഹം അതിനു മറുപടിയായി പറഞ്ഞതു് ചെറുവള്ളിക്കാരൻ ഒരു സാധു നായരിൽനിന്നു് ഒരു ഏക്കറിനു നൂറു രൂപാവീതം ആദായം ഈടാക്കി എന്നും തൻമൂലം വലിയ നഷ്ടം അനുഭവിക്കുന്നുവെന്നുമാണു്. ഇതു സംബന്ധിച്ചു എനിക്കു് എന്റെ സ്നേഹിതനോടു് പറയാനുള്ളതു അദ്ദേഹത്തിനു് ആ കേസിൽ വക്കാലത്തുണ്ടായിരുന്നെങ്കിൽ തന്റെ കക്ഷിയോടു ചെയ്യേണ്ടിയിരുന്ന ധർമ്മം ആ വസ്തുത—അന്നത്തെ ഗവണ്മെൻറുമേധാവി ആരായിരുന്നാലും വ്യക്തിയുടെതായിരുന്നാൽതന്നെയും—ഗവണ്മെൻറിന്റെ മുമ്പാകെ സമർപ്പിച്ചു് ഇതു് വലിയ അനീതിയാണെന്നു ശുപാർശയായി വാദിച്ചിട്ടു് അതിനുവേണ്ടി ഒരു പ്രക്ഷോഭണംതന്നെ നടത്തുകയായിരുന്നു വേണ്ടതു എന്നാണു്.

MR. P. M. VARGHESE : നിയമസഭയിൽ ഒരു പ്രക്ഷോഭണം നടത്തുന്നതിൽ കൂടുതൽ ഭംഗിയായിരിക്കുമോ ഒരു ഹർജി കൊടുത്താൽ ?

MR. A. K. PATCHU PILLAI : നിയമസഭയിൽ ഒരു പ്രക്ഷോഭണം നടത്താൻ ആയിട്ടാണു് നാം ഇവിടെ കൂടിയിരിക്കുന്നതെന്നു് എനിക്കഭിപ്രായമില്ല.

ഒരു ചോദ്യത്തിന്റെ രണ്ടു വശങ്ങളേക്കുറിച്ചു് ചർച്ച ചെയ്തിട്ടു് ന്യായമായതു മെമ്പറന്മാർ സ്വീകരിക്കണമെന്നു് അവരോടു് അഭ്യർത്ഥിക്കുക മാത്രമാണു് എന്റെ കടമ. അതു് ഒരു പ്രക്ഷോഭണമായി വ്യാഖ്യാനിക്കുവാൻ നിവൃത്തിയില്ല. സാമ്പത്തിക ദൌഷ്കര്യങ്ങൾകൊണ്ടു് വ്യവഹാരങ്ങൾ കുറവായതുനിമിത്തം വക്കീലന്മാർക്കു് കേസുകൾ കുറവാണെന്നുള്ളതു് ശരിയാണു്.

MR. P. M. VARGHESE :അങ്ങു് ഒരു വക്കീലാണോ ?

MR. A. K. PATCHU PILLAI : അതെങ്കിലും ധനത്തൃഷ്ണയോടുകൂടി ജീവിക്കണമെന്നു് അഗ്രഹിക്കാത്ത ഒരു വക്കീലാണു് ഞാൻ. അതുകൊണ്ടു് ഞാൻ പറയുന്നതു് ചില വക്കീലന്മാർക്കു് കേസുകൾ കൂടുമെന്നല്ലാതെ

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് പണം തിരിച്ചു കിട്ടാൻ പോകുന്നില്ലെന്നാണ്. ചില വക്കീലന്മാരുടെ കാര്യം എന്റെ അനുഭവത്തിൽ പെട്ടിട്ടുണ്ട്. ജഡ്ജിമെന്റ് കീഴ്ക്കോർട്ടിൽ ദോഷമായി ഉണ്ടാകുമ്പോൾ കക്ഷിയുടെ അടുക്കൽ മേൽകോർട്ടിൽ ജയിച്ചുതരാമെന്നുപറഞ്ഞു കേസു നടത്തും. തോറ്റാൽ കക്ഷിയുടെ തലവിധിയാണെന്നു തീരുമാനിക്കയും ജയിച്ചാൽ റീഫണ്ട് പണമെല്ലാം ഫീസും മറ്റുമായി കരസ്ഥമാക്കയും ചെയ്യും.

MR. K. S. JOSEPH : What is the relevency of advocates' conduct in the Bill ?

MR. A. K. PATCHU PILLAI : I am not yielding. അതുകൊണ്ട് ഞാൻ പറയുന്നത് ഈ സംഗതിയിൽ കക്ഷികളുടെ യഥാർത്ഥ്യണം നോക്കിയാൽ പോലും പ്രയോജനമില്ലെന്നാണ്. അനീതി കണ്ടാൽ അതിനു വേണ്ടി നമുക്ക് ഗവണ്മെൻറിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. അതുകൊണ്ട് ഈ ബിൽ ഭേദഗതിക്കുടാതെ പാസാക്കേണ്ടതാണ്. വിശേഷിച്ച് ഇന്നത്തെ കാലഗതി നോക്കിയാൽ വ്യക്തിയിൽ നിന്നും സമഷ്ടിയിലേക്ക് ലോകം മുഴുവൻ നീങ്ങിക്കൊണ്ടിരിക്കുന്ന എന്നു കാണാവുന്നതാണ്. അങ്ങനെ സ്റ്റേറിന് വ്യക്തിയുടെ മേൽ നിയന്ത്രണമുണ്ടാകുന്നു. സ്റ്റേറിന്റെ കടമ എല്ലാ വ്യക്തികളുടെയും സുഖസൗകര്യങ്ങൾ ഒരുപോലെയാക്കിക്കൊടുക്കുകയെന്നുള്ളതാണ്. അങ്ങനെ ഇവിടെ ഭരണം ശരിയായി നടത്താൻവേണ്ടി നാം സ്റ്റേറിനെ അനുവദിക്കണം. നാം പലപ്പോഴും മുറവിളി കൂട്ടാറുണ്ട്, കന്യാകുമാരി മുതൽ പറവൂർ വരെ റോഡ് മുഴുവൻ കോൺക്രീറു ചെയ്യണം, കോട്ടാരക്കര അലുവാ റെയിൽവേ ഉണ്ടാക്കണം. ഇങ്ങനെ പല പരിഷ്ക്കാരങ്ങൾക്കും നാം മുറവിളി കൂട്ടാറുണ്ട്. ഇതിനാവശ്യമായ സാമ്പത്തികസ്ഥിതി ഗവണ്മെൻറിനു ഉണ്ടോ എന്നുള്ളതാണ് പ്രധാന്യം. അതിനുള്ള മാർഗ്ഗം ഇവിടെ ചൂണ്ടിക്കാണിച്ചപ്പോൾ നാം അതിനെ എതിർക്കുന്നതു ശരിയല്ല. യുദ്ധകാലത്തു ഡ ഠ ഷില്ലിങ്ങിനു ഫൻ ഷില്ലിങ്ങുവരെ ഇംഗ്ലണ്ടിൽ കരം ഈടാക്കിക്കൊണ്ടിരുന്നപ്പോൾ പ്രതിഷേധമില്ലാതെ പൊതുബോധമുള്ള അവിടുത്തെ ജനങ്ങൾ അതുകൊടുത്തു. രാജ്യരക്ഷയ്ക്കുവേണ്ടി സന്തോഷപൂർവ്വം അവ നിയമങ്ങൾ അവർ സ്വീകരിച്ചു. അതിനു വിപരീതമായി ലോകത്തുള്ള പരിഷ്ക്കാരങ്ങളെല്ലാം വേണമെന്നു നാം പറകയും ഇൻകംടാക്സിൽനിന്നു ഒഴിഞ്ഞു മാറി നടന്നിട്ടുള്ളവരിൽനിന്നും അതു ഈടാക്കാനുള്ള ഒരു നിയമം അവതരിപ്പിച്ചപ്പോൾ അതിനെ എതിർക്കയും ചെയ്യുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടു് എനിക്കു് ഈ സഭയെ ഉൽബോധിപ്പിക്കുവാനുള്ളതു് ഈ ബിൽ യാതൊരു വ്യത്യാസവും കൂടാതെ തന്നെ പാസാക്കണമെന്നും ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ആ ഭേദഗതിയുടെ അടിപ്രായത്തെയും യുക്തിയേയും ശക്തിയുക്തം എതിർക്കണമെന്നുമാണു്.

MR. MANNAR GOPALAN NAIR : സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു. ഈ ആദായനികുതി ബില്ലിനെ സംബന്ധിച്ചിടത്തോളം എന്റെ സ്നേഹിതൻ മി. എ. കെ. പാച്ചുപിള്ള പറഞ്ഞതുപോലെ ഒരു സാമ്പത്തികതത്വശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തിയല്ലാ ഗവണ്മെൻറു് ഈ ബിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നാണു് എനിക്കും തോന്നുന്നതു്. നാട്ടിലുള്ളവരെ മുഴുകമാനം ബാധിക്കുന്നതിനു പകരം ഏതാനും വ്യക്തികളെ മാത്രമേ ഈ ബിൽ ബാധിക്കുന്നുള്ളു. ഇങ്കംടാക്സ് ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർക്കു് എതെങ്കിലും വ്യക്തിയോടു വിരോധം ഉണ്ടായിരുന്നാൽ നാടോടിഭാഷയിൽ പറകയാണെങ്കിൽ അയാളെ "കുത്തുപാള എടുപ്പിക്കാൻ" യാതൊരു പ്രയാസവുമില്ല. മുൻകാലങ്ങളിൽ പാർവത്യകാരന്മാരെ സേവപിടിച്ചാൽ പുറമ്പോക്കു ഭൂമികളും മറ്റും പതിച്ചു കിട്ടുന്നതിനു വിഷമമില്ലായിരുന്നു. അങ്ങനെ ധാരാളമാളുകളും പതിച്ചു വാങ്ങുകയും ചെയ്തിട്ടുണ്ടു്. ഇന്നു് കുത്തകപ്പാട്ടത്തിനു കൊടുത്താൽതന്നെ അവന്റെ ഭോഗണ്ഡക്കുലി കിട്ടുമോ എന്നു് സംശയമാണു്. കാരണം, അവനു കിട്ടുന്ന ആദായത്തിന്റെ മുഴുവൻ ഭാഗവും ആദായനികുതിയിനത്തിൽ അവനോടു് ഈടാക്കുന്നു. ആദായനികുതി ഈടാക്കുന്നതിൽ ഇങ്കംടാക്സ് ഡിപ്പാർട്ടുമെൻറുകാർ ഇഷ്ടംപോലെ പ്രവർത്തിക്കുകയാണു് ചെയ്യുന്നതു്. ഒരുത്തന്റെ സ്വത്തിനേയോ, അതിൽനിന്നും കിട്ടുന്ന വരവിനേയോ പറ്റി ശരിയായ ഒരു അന്വേഷണം നടത്തിയതിനുശേഷം നികുതിനിശ്ചയിക്കുന്നെങ്കിൽ അതു ന്യായീകരിക്കാം. ഈ ഉദ്യോഗസ്ഥന്മാർ അങ്ങനെയല്ലാ ചെയ്യുന്നതു്. ഉദാഹരണമായി, എന്റെ അനുഭവത്തിൽ ഉള്ള ഒരു സംഗതി പറയാം. എനിക്കു നല്ല പരിചയമുള്ള ഒരു മാന്യൻ, F.F.V.-നു് മുൻപുവരെ Rs. 000 രൂപാ ആദായനികുതി കൊടുത്തുകൊണ്ടിരുന്നു. എന്നാൽ F.F.V.-ൽ അയാളുടെ പേരിൽ Rs. 0,000 രൂപായാണു് ടാക്സ് ചുമത്തിയിരിക്കുന്നതു്. പെട്ടെന്നു് ഇത്രകൂടുതൽ ആദായനികുതി അയാളിൽ ചുമത്തുന്നതിനുള്ള കാരണം സത്യത്തുക്കളും അയാൾ സമ്പാദിച്ചിട്ടില്ല, ന്യായരാഹിത്യമായിട്ടുള്ള ഇത്തരം നികുതി ചുമത്തൽമൂലം പല തകരാറുകളും സംഭവിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. RAMAKRISHNA PILLAI : ബഹുമാനപ്പെട്ട മെമ്പർക്ക് ആ വ്യക്തിയുടെ വക്കാലത്ത് ഉണ്ടായിരുന്നോ ?

MR. MANNAR GOPALAN NAIR : എനിക്ക് വക്കാലത്തുണ്ടെങ്കിലും, ഇല്ലെങ്കിലും, ആ ചോദ്യം ഇവിടെപ്രസക്തമല്ല. സാമാന്യജനങ്ങളെ രക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഈ ബില്ലിൽ ഉൾപ്പെട്ടുത്തുക്കവണ്ണം വേണ്ട ഭേദഗതികൾ വരുത്തിയതിനു ശേഷം അവതരിപ്പിക്കണമെന്നാണ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എനിക്ക് പറവാനുള്ളത്. അപ്രകാരമല്ലാതെ, ഈ ബിൽ പാസ്സാക്കുന്ന പക്ഷം, സാമാന്യജനങ്ങൾക്ക് ഇതുകൊണ്ട് ഉപദ്രവമേ ഉണ്ടാകയുള്ളൂ. ഒരു സിവിൽ കോടതിയിലാണെങ്കിൽത്തന്നേയും, ആദായം തിട്ടപ്പെടുത്തേണ്ടിവന്നാൽ അതിലേക്ക് ഒരു കമ്മിഷനെ നിയമിക്കുന്നു. ആ കമ്മിഷൻ സ്ഥലത്തുചെന്ന് ഒരു സൂക്ഷ്മാന്വേഷണം നടത്തിയതിനുശേഷമാണ് ആദായം തിട്ടപ്പെടുത്തുന്നത്. അതുകൊണ്ട് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം, സമുദായപ്രതിനിധ്യം പരിഗണിക്കാതെ നല്ല നിയമപരിജ്ഞാനമുള്ളവർ ചേർന്ന ഒരു സിലക്ട് കമ്മിറ്റിക്കയച്ച് സാമാന്യജനങ്ങൾക്ക് അനുഗുണമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്നപേക്ഷിച്ചുകൊള്ളുന്നു.

MR. PANDAVATHU SANKARA PILLAI : സർ, തിരുവിതാംകൂറിൽ ഇന്നു നിലവിലിരിക്കുന്ന നിയമങ്ങൾക്കൊക്കെ ഒരു പരിധിയുണ്ടെന്നാണ് ഞങ്ങളൊക്കെ മനസ്സിലാക്കിയിരിക്കുന്നത്. എന്നാൽ ആദായനികുതി ബില്ലിനെ സംബന്ധിച്ച വാദപ്രതിവാദങ്ങൾ കേട്ടപ്പോൾ ഈ ബിൽ നിയമത്തിന്റെ പരിധിയും ലംഘിച്ചുപോയില്ലയോ എന്നു സംശയിക്കുന്നു. ആദായനികുതിയെസംബന്ധിച്ചുള്ള കേസുകൾ, അവ തീർച്ചചെയ്തിട്ടുണ്ടെങ്കിൽ അതു് അവസാനത്തിരുമാനമാണെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അങ്ങിനെ ഒരിക്കൽ തീർച്ചചെയ്ത കേസുകളെ പുനഃപരിശോധനചെയ്തു പിന്നെയും ഒരു തീരുമാനം ഉണ്ടാക്കണമെന്നു പറയുന്ന വാദഗതിയോടു ഞാൻ യോജിക്കുന്നില്ല. എന്നാൽ നികുതികൊടുക്കാതെ ചില ഭരണമേധാവികളുടെ പ്രത്യേക ആനുകൂല്യത്താലും ചില രാഷ്ട്രീയകാരണങ്ങളാലും ഒഴിഞ്ഞുമാറിനിന്നിട്ടുള്ള ചില വ്യക്തികളുണ്ട്. അങ്ങനെയുള്ളവരിൽനിന്നും നികുതി ഈടാക്കേണ്ടതാണെന്നു പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. എന്നാൽ ആ മാതിരിയുള്ള കേസുകൾ മുമ്പു പരിഗണനക്കു വന്നിട്ടുമില്ല. നേരെമറിച്ച്, ഒരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Pandavathu Sankara Pillai.]

വിധികല്പിച്ചുകഴിഞ്ഞ കേസുകളെ അമിതാദായം ഈടാക്കിയിട്ടുണ്ടെന്ന കാരണത്താൽ പുനഃപരിശോധന ചെയ്യണമെന്നു പറയുന്നതുതന്നെ ശരിയല്ലെന്നുമാത്രമല്ല, അസംബന്ധവുംകൂടിയാണ്.

MR. CHERIYAN J. KAPPAN : ഒരു പായിൻറ് ഓഫ് ഓർഡർ. "അസംബന്ധം" എന്ന പദം പാർലമെൻററിയാണോ?

MR. PRESIDENT : It is parliamentary; that means only irrelevant.

MR. PANDAVATHU SANKARA PILLAI : അതുകൊണ്ട്. ഈ ബിൽ അതേപടിതന്നെ അംഗീകരിക്കുകയും, അത് ഉടൻതന്നെ നിയമമാക്കിത്തീർക്കുകയും ചെയ്യേണ്ടതാണ്. അതല്ലാതെ, പുനഃപരിശോധനചെയ്യണമെന്നോ മറേറാ ഉള്ള ഭേദഗതി ചേർക്കുകയാണെങ്കിൽ തൻമൂലം ഗവണ്മെൻറിനു നഷ്ടത്തിനും പൊതുജനങ്ങൾക്കു അനാവശ്യമായിട്ടുള്ള വ്യവഹാരത്തിനും ഇടയായിത്തീരുന്നതുമാണ്. മി. മാളിയേക്കലിൻെറ ഭേദഗതിയെ ഞാൻ എതിർക്കുന്നു.

MR. A. P. UDAYABHANU : സർ, ആദായനികുതി ഒഴിയൽബിൽ ഇവിടെ അവതരിപ്പിച്ചതു് ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്. അതായതു ഗവണ്മെൻറിൻെറ സാമ്പത്തികനിലയെ സുശക്തമാക്കണമെന്നുള്ള ഉദ്ദേശമാണ്. എന്നാൽ അമിതാദായം പുമത്തിപ്പോയി എന്നുള്ള ആരോപണം വിച്ചുകൊണ്ട്, സർക്കാരിൽനിന്നും ഈടാക്കിയിട്ടുള്ള പണം തിരിച്ചു കൊടുക്കണമെന്നുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തുകയാണെങ്കിൽ "പിടിച്ച ഞാൻ അവനെന്നെ കെട്ടി" എന്നു പറഞ്ഞതുപോലെയാകും. തിർച്ചചെയ്ത കേസുകളെ പുനപരിശോധനചെയ്ത്, കൂടുതലായി ഈടാക്കിയിട്ടുള്ള ആദായം തിരിച്ചു കൊടുക്കണമെന്നുള്ള വാദഗതികൾ പുറപ്പെടുവിച്ചതു്, ഒന്നു് മി. മാളിയേക്കലും മറേറതു് മി. കാപ്പനുമാണ്. മി. മാളിയേക്കൽ അങ്ങനെങ്കിൽ ഇൻഡ്യൻയൂണിയനിൽ അംഗീകരിച്ചിട്ടുള്ള നിയമങ്ങൾ എല്ലാംതന്നെ ഇവിടെയും അംഗീകരിക്കേണ്ടതാണെന്നു് അഭിപ്രായപ്പെട്ടതു ഒരു മാന്യനാണ്. തൊഴിലാളിനിയമത്തെസംബന്ധിച്ചുള്ള ചർച്ചകൾക്കും അദ്ദേഹം ഇതേ അഭിപ്രായംതന്നെ പുറപ്പെടുവിച്ചു. എന്നാൽ ആദായനികുതി ബിൽ, ചർച്ചാവിഷയമായപ്പോൾ ഒരു വ്യത്യസ്തമായ മാനദണ്ഡം അദ്ദേഹം ഉപയോഗിച്ചുകാണുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു.

MR. CHERIYAN J. KAPPAN : ഇൻഡ്യൻയൂണിയനിൽ അന്യായമായിട്ടു ആദായനികുതി ഈടാക്കുന്ന ഉദ്യോഗസ്ഥന്മാരില്ലായിരുന്നു എന്നറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. P. UDAYABHANU : ഇവിടത്തെ ഉദ്യോഗസ്ഥന്മാരെല്ലാം ദുഷിച്ചവരാണെന്നും യൂണിയനിൽ ഉള്ളവരെല്ലാം യോഗ്യന്മാരാണെന്നും പറയുന്നതു തെറ്റാണ്. അവിടെ പല ഉന്നതന്മാരായ ഐ. സി. എസ്സു. ഉദ്യോഗസ്ഥന്മാരെയും corruption കൊണ്ടു dismiss ചെയ്കയും ശിക്ഷിക്കുകയും ചെയ്തിട്ടുള്ള വിവരം ബഹു. മെമ്പർ അറിഞ്ഞിരിക്കേണ്ടതാണ്. ഇൻഡ്യൻയൂണിയനിലും ഇതേ നിയമമാണ് അംഗീകരിച്ചിരിക്കുന്നതു്.

MR. THARIATHU KUNJITHOMMAN : കാർഷികാദായനികുതി ഈടാക്കാത്തവരിൽനിന്നും ഈടാക്കി എടുക്കുന്നതിനുള്ള ഒരു നിയമം ഇൻഡ്യൻയൂണിയനിൽ ഒരു സ്ഥലത്തും ഇല്ലെന്നറിയാമോ ?

MR. A. P. UDAYABHANU : അവിടെ കാർഷികാദായനികുതിയെന്നുള്ള ഒരു ഏർപ്പാടുതന്നെ നിലവിലില്ലെന്നറിഞ്ഞാൽ കൊള്ളാം.

MR. THARIATHU KUNJITHOMMAN : അങ്ങിനെയാണെങ്കിൽ ഇവിടെയും കാർഷികാദായനികുതിയിൽനിന്നും കർഷകരെ ഒഴിവാക്കുകയല്ലേ വേണ്ടതു് ?

MR. A. P. UDAYABHANU : ഇൻഡ്യയിൽ ചില പ്രവശ്യകളിൽ മാത്രമേ കാർഷികാദായനികുതി നടപ്പിലിരിക്കുന്നുള്ളു.

MR. P. S. NATARAJA PILLAI : Will the member say whether there is basic tax in force in Indian Provinces ?

MR. A. P. UDAYABHANU : I was coming to that point also.

MR. PRESIDENT : Order, order. The House will now adjourn for lunch and meet again at 2 p. m.

The House adjourned for lunch at 1 p. m. and reassembled at 2 p. m. with the President in the Chair.

MR. A. P. UDAYABHANU : കാർഷികാദായനികുതിയെ ആസ്പദമാക്കിയുള്ള ഒരു ചോദ്യമാണ് എന്റെ സ്നേഹിതൻ മി. തയ്യൂ കുഞ്ഞിമൊഹമ്മൻ ഇവിടെ ഉന്നയിച്ചതു്. അതിനെപ്പറ്റി എനിക്കു പറയുവാനുള്ളതു് ഇൻഡ്യൻയൂണിയൻ പാർലമെൻറിനെ സംബന്ധിച്ചാണ്. കാർഷികാദായനികുതി യൂണിയൻ പാർലമെൻറിന്റെ അധികാരാതിത്തിയിൽപെടുന്ന ഒരു വിഷയമല്ല. എന്നുമാത്രമല്ല, ഇൻഡ്യയെ സംബന്ധിച്ചാണെങ്കിൽ കാർഷികാദായനികുതി എല്ലായിടത്തും സാർവത്രികമായി ഏർപ്പെടുത്തിയിട്ടുമില്ല. ബംഗാൾ, ബീഹാർ, ആസ്സാം മുതലായ സ്ഥലങ്ങളിൽ മാത്രമേ കാർഷികാദായനികുതി ഏർപ്പെടുത്തിയിട്ടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

തിരുവിതാംകൂറിലെ ഭൂനികുതി അടിസ്ഥാനനികുതിയായി രൂപാന്തരപ്പെടുത്തിയതിനുശേഷം മറ്റു സ്ഥലങ്ങളിൽ നിലവിലിരിക്കുന്ന നികുതികളേക്കാൾ വളരെ തുച്ഛമായ ഒരംശംമാത്രമേ തിരുവിതാംകൂറിൽ ഭൂനികുതിയായി കൊടുക്കുന്നുള്ളൂ എന്ന കാര്യംകൂടി നാം ഓർക്കണം. ഡൊമിനിയൻ പാർലമെന്റിന്റെ കീഴിൽ ഡൊമിനിയനെ സംബന്ധിച്ചിടത്തോളം ഉണ്ടാകാവുന്ന നിയമങ്ങളും എല്ലാംതന്നെ നമ്മുടെ ഗവണ്മെന്റിനേയും ബാധിക്കുന്നതാണ്. ഈ നിയമം ഉണ്ടാക്കിയിരിക്കുന്നതു കാർഷികാദായനികുതിയിൽ നിന്നുമാത്രമല്ല സകല ആദായനികുതിയിൽ നിന്നും ഒഴിഞ്ഞുമാറി നിൽക്കുന്ന ആളുകളിൽനിന്ന് ആദായം ഈടാക്കുന്നതിനുവേണ്ടിയാണ്. ആ ആദായനികുതി ഈടാക്കുന്ന നടപടികളിൽ ഉണ്ടാകാവുന്ന പ്രയാസങ്ങളേയും ന്യൂനതകളേയും തീർക്കാൻകൂടിയാണ് ഈ നിയമം. അതിന്റെ പ്രിയാമ്പിളിൽതന്നെ ഈ വസ്തുത വ്യക്തമാക്കുന്നുണ്ട്.

അപ്പോൾ ആദായനികുതി കൊടുക്കുന്നതിൽനിന്നും ഒഴിഞ്ഞുമാറുന്നതിനുള്ള വിദ്യകളെ തടയുന്നതിനുള്ള മാർഗ്ഗങ്ങൾകൂടി ഈ ബില്ലിൽ നിർദ്ദേശിക്കുന്നുണ്ട്. അതുപോലെ തന്നെ കമ്മിഷന്റെ അന്വേഷണത്തിന് വിധേയമാകുന്നതു ഗവണ്മെൻറിൽനിന്നും റഫർചെയ്യുന്ന കേസ്സുകൾമാത്രമെ ആയിരിക്കയുള്ളൂ. അല്ലാതെ ആദായനികുതി കൊടുക്കുന്ന സകല ആളുകളെയുംപറ്റി സ്വമേധയാ അന്വേഷണം നടത്തുന്നതിന് കമ്മീഷനു ഈ ബില്ലിൽനിന്നു അവകാശം കിട്ടുന്നതല്ല. യുദ്ധകാല പരിതഃസ്ഥിതികൾകൊണ്ട് അമിതമായ ആദായം സംഭരിക്കുന്നതിനുള്ള ഒരവസ്ഥ ഉണ്ടായിട്ടുണ്ട്. അതിനെക്കുടി ആസ്പദമാക്കിയാണ് ഈ ബിൽ അവതരിപ്പിക്കുവാൻ ഇടയായിട്ടുള്ളതു്. യുദ്ധകാലത്തു ലഭിക്കുന്ന ആദായം സാധാരണ കാലത്തു ലഭിക്കുന്നതിന്റെ മാനദണ്ഡംവച്ചുകൊണ്ടു അളക്കുന്നതിനു സഭ്യമല്ലല്ലോ. ആ നിലയിൽ ആരുടേയും അറിവിൽപെടാതെ സ്വന്തം സ്വാധീനശക്തിയും പ്രേരണയും ഉപയോഗിച്ചു് ഉദ്യോഗസ്ഥന്മാരുടെ കണ്ണിൽ മണ്ണിട്ടും സ്വർണ്ണംകൊണ്ടു കണ്ണു മഞ്ഞളിപ്പിച്ചും ആദായനികുതി കൊടുക്കാതെ ഒഴിഞ്ഞുമാറി നില്ക്കുന്നവരെ ഉദ്ദേശിച്ചാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതു്. അങ്ങനെ സാവ്രതികമായ ഒരു സാന്മാർഗ്ഗികമായ അധഃപതനം നിമിത്തം ഉണ്ടായിട്ടുള്ള ദുഷ്യത്തെ ഇല്ലാതാക്കുന്നതിനും സർക്കാരിനു വന്നുപോയ നഷ്ടത്തെ നികത്തുന്നതിനുമായി മാത്രം ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതാകുന്നു. ഈ നിയമത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചുള്ള പ്രവർത്തനം വളരെ കുറച്ചു കാലത്തേക്കുമാത്രമെ നില നിൽക്കുവാൻ പോകുന്നുള്ളു. നിയമത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു ഫ്രാഞ്ചൈസർ കക്കടകംവരെ കമ്മിഷന്റെ മുൻപിൽ സമർപ്പിക്കപ്പെട്ടുന്ന കേസ്സുകളെപ്പറ്റിമാത്രം അന്വേഷിക്കുന്നതിനുള്ള അധികാരമേ ഈ ബിൽ അനുസരിച്ചു അനുവദിച്ചിട്ടുള്ളു. അതിനു മാറ്റം വരുത്തേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. ഈ ബിൽ ഏപ്പോഴാണു പാസ്സാക്കുന്നതെന്നതിനു നിശ്ചയമില്ല ഈപ്പോൾ ബിൽ അവതരിപ്പിക്കുന്നതിനുതന്നെ സഭ അനുവദിക്കുന്ന പക്ഷം ഈ ബിൽ സെലക്ട്കമ്മറ്റിക്കു അയക്കേണ്ടതുണ്ട്. സെലക്ട്കമ്മിറ്റി റിപ്പോർട്ടു കിട്ടി വീണ്ടും ഈ സഭയിൽ കൊണ്ടുവന്നു പാസ്സാക്കുമ്പോൾ ഒരു പക്ഷെ ഫ്രാഞ്ചൈസർ കക്കടകംതന്നെ കഴിഞ്ഞു എന്നു വരാവുന്നതാണ്. അതുകൊണ്ടു എനിക്കു പറയുവാനുള്ളതു കമ്മീഷനെ നിയമിച്ചതിനുശേഷം ഒരു കൊല്ലത്തിനുള്ളിൽ ഇങ്ങനേയുള്ള കേസുകൾ കമ്മീഷന്റെ മുൻപാകെ ഹാജരാക്കേണ്ടതാണ് എന്നു ക്രമീ വ്യവസ്ഥ ചെയ്യേണ്ടതാണ്. അതുപോലെതന്നെ ഫ്രാഞ്ചൈസർ അവസാനംവരെ ഇതു സംബന്ധിച്ചുള്ള ചില കേസ്സുകൾ പിൻവലിക്കുന്നതിനുള്ള അവകാശം വച്ചിരിക്കുന്നു. കേസ്സുകൾ കമ്മീഷനു റെഫർ ചെയ്യുന്നതിനുള്ള കാല യളവു കഴിഞ്ഞുള്ള ഒരു സമയം അങ്ങനെ പിൻവലിക്കുന്നതിനു വയ്ക്കേണ്ടതാണു. ഇപ്പോൾ ബിൽ അവതരിപ്പിക്കുന്ന ഒരു സന്ദർഭമായതുകൊണ്ട് ഇതിൽ പല വകുപ്പുകളെപ്പറ്റിയും എനിക്കുള്ള അഭിപ്രായം ഇപ്പോൾ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ബിൽ രണ്ടാംവായനക്കു വരുമ്പോൾ അതേപ്പറ്റി ഞാൻ പറഞ്ഞുകൊള്ളാം. അതു ഉണ്ടാകുമെന്നുള്ളതിനെപ്പറ്റി എനിക്കു നിശ്ചയമില്ലതാനും. രണ്ടാം വായനയ്ക്കു വരുമ്പോൾ അമൻറുമെൻറു അവതരിപ്പിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടാകുമോ എന്നു സംശയമാണ്. ഈ ബില്ലിന്റെ തത്വത്തോടു ഞാൻ യോജിക്കുന്നു. യാതൊരു തത്വത്തിനുവേണ്ടി ഈ ബിൽ ഉദ്ദേശിക്കപ്പെടുന്നുവോ അതിനെതിരായി ഒരു കാര്യത്തിനു വേണ്ടിക്രൂടി ഈ ബിൽ വലിച്ചിഴക്കുന്നുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. സർക്കാരിനു കൊടുക്കേണ്ടതായ പണം കൊടുക്കാതെ ഒഴിഞ്ഞു മാറിപ്പോകുന്നവരെ പിടിക്കുവാൻ വേണ്ടി ഉണ്ടാക്കുന്ന ഈ നിയമം കൊണ്ടു സർക്കാരിനെത്തന്നെ തിരിച്ചുപിടിക്കുടണമെന്നു ചിലർ അഭിപ്രായപ്പെടുന്നു. ഫ്രാഞ്ചൈസ്-ലാണ് കാർഷികാദായനികുതി ഇവിടെ ഏർപ്പെടുത്തിയതു്. ഫ്രാൻസ്-ലാണു ആദായനികുതി ഉണ്ടായതു്. അപ്പോൾ ഫ്രാൻസു മുതൽ ആദായനികുതിയും ഫ്രാഞ്ചൈസ് മുതൽ കാർഷികാദായ

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. P. Udayabhanu]

നികുതിയും കൊടുത്തുകൊണ്ടിരിക്കുന്നയും കൊടുക്കാവുന്നതുമായ എല്ലാവരുടെയും കാര്യത്തെപ്പറ്റി ആലോചിക്കുന്നതു ഈ ബില്ലിന്റെ ഉദ്ദേശത്തെതന്നെ തടസ്സപ്പെടുത്തുന്ന ഒന്നാണെന്നും അതു ഒരിക്കലും ശരിയായിരിക്കയില്ലെന്നുമാണ് എനിക്കു പറയുവാനുള്ളതു്. ഈ സംഗതിക്കുടി ഗവണ്മെൻറു് ആലോചിക്കേണ്ടതാണ്. ഈ ബില്ലിന്റെ തത്വത്തെ ഞാൻ അംഗീകരിക്കുകയും, അതേ സമയം ഈ ബില്ലിൽ വരുത്തണമെന്നുപറയുന്ന ഭേദഗതിയെ ഞാൻ ശക്തിയായി എതിർക്കുകയും ചെയ്യുന്നു.

MR. K. M. CHANDY : സർ, ഈ ബില്ലിന്റെ തത്വത്തോടു ഞാനും യോജിക്കുന്നു. ഒരു വക്കീലാകുവാനുള്ള ഭാഗ്യമോ, നിർഭാഗ്യമോ എനിക്കു് ഉണ്ടാകാതിരുന്നതിനാൽ ഒരു വക്കീലിന്റെ മനോഭാവം വിട്ടിട്ടു് ഒരു സാധാരണക്കാരന്റെ മനോഭാവത്തോടുകൂടി ഈ ബില്ലിനെ സംബന്ധിച്ചു ചില സംഗതികൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഏറ്റവും ഖേദകരമായി കണ്ട ഒരു വസ്തുത പല സ്നേഹിതന്മാരും പ്രചരണത്തിനുള്ള ഒരു ഉപകരണമായി ബില്ലിനെ ഉപയോഗിച്ചു കാണുന്നു എന്നുള്ളതാണ്. ചില വക്കീലന്മാർ അവർ വളരെ ഫീസു കുറച്ചാണു കേസുകൾ നടത്തുന്നതെന്നും എന്നിട്ടും കേസുകൾ കുറഞ്ഞുപോകുന്നുവെന്നും, മറ്റുചിലർ വലിയ ഫീസു് വാങ്ങിയിട്ടും ധാരാളം കേസുകൾ കിട്ടുന്നുവെന്നുംമറും ഇവിടെ വച്ചു പ്രസ്താവിച്ചു. ചിലർ കൂടുതൽ കേസ്സു കിട്ടുവാനുള്ള ഒരു പ്രചരണസ്ഥലമായി ഈ സഭയെഉപയോഗപ്പെടുത്തുന്നില്ലേ എന്നു ഞാൻ സംശയിക്കുന്നു.

MR. ABDUL AZIZ : സർ, ഒരു പോയിൻറു് ഓഫ് ഓർഡർ. 9-ാം ചട്ടം 12 (2) ബിയിൽപറയുന്നതു് ഇതാണ് : A member while speaking must not make a personal charge against a member.

ബഹുമാനപ്പെട്ട മെംബർ, ഇവിടെ പ്രസംഗിച്ച പല മെമ്പറന്മാരും വക്കീലന്മാരെന്ന നിലയിൽ കൂടുതൽ കേസുകിട്ടുന്നതിനോ, അല്ലെങ്കിൽ കൂടുതൽ ഫീസ് കിട്ടുന്നതിനോ ഉള്ള പ്രചരണങ്ങൾ നടത്തുന്നതായി പറയുന്നു. അതു റിലവൻറു് ആണോ എന്നു പറഞ്ഞാൽകൊള്ളാം.

MR. PRESIDENT : The hon'ble member would confine his attention to the general principles of the Bill.

MR. K. M. CHANDY : ഈ ബില്ലിന്റെ തത്വങ്ങളെ അനുകൂലിച്ചുകൊണ്ടു പ്രസംഗിച്ച സ്നേഹിതന്മാർ ഇവിടെ നടന്ന വാഗ്വാദ അവസരത്തിൽ അതിപ്രധാനമായി ചൂണ്ടിക്കാണിച്ച ഒരു സംഗതി,

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ ഉന്നയിക്കപ്പെട്ട ഒരു ഭേദഗതിക്കൂടി ചേർത്തു ഈ ബിൽ പാസാക്കുകയാണെങ്കിൽ സർക്കാരിനെ കേറി പിടിക്കും എന്നുള്ളതാണു്. ഈ ബിൽ കൊണ്ടു വരപ്പെട്ടതു്, ഞാൻ മനസ്സിലാക്കിയതു ശരിയാണെങ്കിൽ, ആദായനികുതി കൊടുക്കാതെ ഒഴിഞ്ഞുമാറി നിന്നിട്ടുള്ള ആളുകളോടു് അവ ഈടാക്കുന്നതിനു് വേണ്ടിയാണു്. എന്നാൽ ഈ അവസരത്തിൽ ക്രൂതൽ ആദായനികുതികൊടുത്തിട്ടുള്ള ആളുകളെയും കൂടി ബാധിക്കത്തക്കവിധത്തിലും ഇരുകൂട്ടർക്കും പ്രതിവിധിയുണ്ടാക്കി നീതി നടത്തുവാൻ പര്യാപ്തമായ വിധത്തിലും നിയമം ഉണ്ടാക്കേണ്ടതു് വെറും നീതി മാത്രമാണു്.

MR. T. A. ABDULLA : അവകാശമുള്ളതിൽ ക്രൂതൽ ആദായനികുതി കൊടുത്തിട്ടുള്ളവർക്കു് പരിഹാരം തേടുവാൻ വേറെ മാർഗ്ഗമൊന്നും ഇല്ലേ?

MR. K. M. CHANDY : ഉണ്ടായിരുന്നു. എന്നാൽ ഇവിടത്തെ രാഷ്ട്രീയാന്തരീക്ഷം ഏറ്റവും കളങ്കപങ്കിലവും ദുർഘടവുമായിരുന്ന ഒരു കാലത്താണു് ക്രൂതൽ ആദായനികുതി ഈടാക്കിയിരിക്കുന്നതെന്നു കൂടി നാം ഓർക്കണം. ഇവിടത്തെ രാഷ്ട്രീയ സ്വാതന്ത്ര്യ സമരത്തിൽ ഏർപ്പെട്ടിരുന്ന പലപല ആളുകളോടും വിദ്വേഷബുദ്ധിവച്ചുകൊണ്ടു് ഗവണ്മെൻറു ക്രൂതലായി ആദായനികുതി ഈടാക്കിവന്നിരുന്നു എന്നു വിചാരിക്കുവാൻ ന്യായമുണ്ടു്.

MR. PONNARA G. SREEDHAR : അങ്ങനെ ക്രൂതൽ ആദായം ഈടാക്കിയിട്ടുള്ളവരായ രണ്ടുമൂന്നു ആളുകളുടെ പേരു പറയാമോ?

MR. K. M. CHANDY : അവരുടെ പേരുവിവരം പറയുന്നതു കൊണ്ടു് ഇപ്പോൾ നടക്കുന്ന വാദപ്രതിവാദത്തിനു വലിയ പ്രയോജനമുണ്ടെന്നു തോന്നുന്നില്ലാത്തതിനാൽ ഞാൻ പറയുന്നില്ല.

യഥാർത്ഥത്തിൽ അവകാശമുള്ളതിൽ കവിഞ്ഞു ആരെങ്കിലും ആദായനികുതി ക്രൂതലായികൊടുത്തിട്ടുണ്ടെങ്കിൽ അവരുടെ സങ്കടത്തിനു കൂടി പരിഹാരമുണ്ടാക്കി കൊടുക്കേണ്ടതു് ന്യായമല്ലേ? അങ്ങനെ ക്രൂതൽ ആദായനികുതി ഗവണ്മെൻറു് ഈടാക്കിയിട്ടുണ്ടെന്നു ഞാൻ പറയുന്നു. അങ്ങനെ അനേകം സ്നേഹിതന്മാരും പറയുന്നു. ആ നിലയ്ക്കു് ക്രൂതൽ ആദായം ഈടാക്കിയിട്ടുള്ളവർക്കു പരിഹാരം നൽകണമെന്നുമാത്രമെ പറയുന്നുള്ളൂ. ബില്ലു സർക്കാരിനു നികുതി കൊടുക്കാതെ ഒഴിഞ്ഞുപോയിട്ടുള്ളവരിൽ നിന്നു നികുതി ഈടാക്കാൻ വേണ്ടിയാണു് കൊണ്ടുവന്നിട്ടുള്ളതു്. അതു് ഏറ്റവും ആത്യാവശ്യമാണു്. അതു്

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. M. Chandy]

പോലെതന്നെ കൂടുതൽ നികുതി സർക്കാരിനു കൊടുത്തിട്ടുള്ളവർക്കു കൂടുതൽ കൊടുത്ത തുക തിരിച്ചു കൊടുക്കേണ്ടതും അത്യാവശ്യമാണു്. അതു പാടില്ല എന്നു പറയുന്നതു് എന്തുകൊണ്ടാണെന്നു് എനിക്കു മനസ്സിലാകുന്നില്ല. ആരിൽ നിന്നും അമിതമായി എന്തെടുത്താലും തിരിച്ചു കൊടുക്കേണ്ട കടമ ഗവണ്മെൻറിനുണ്ടു്. ഈ രാജ്യത്തു മുൻപിരുന്ന ഗവണ്മെൻറു് ഇതിനുമുമ്പു് എന്തെങ്കിലും അനീതികൾ കാണിച്ചിട്ടുണ്ടെങ്കിൽ അതു പരിഹരിക്കേണ്ടതു് ഒരു ജനകീയ ഗവണ്മെൻറിൻെറ ചുമതലയാണു്. ഏതാനും ചില വ്യക്തികളോടോ, അല്ലെങ്കിൽ പ്രസ്ഥാനങ്ങളോടൊ ഉള്ള വിദ്വേഷത്തിൻെറ ലക്ഷണമായിട്ടു് അന്നു ഗവണ്മെൻറു് സ്വീകരിച്ചപോന്ന നടപടികൾ പിൻവലിക്കുവാൻ ഇന്നത്തെ ഗവണ്മെൻറു് തയാറാകാത്തപക്ഷം അതും വിദ്വേഷപരമായ ഒരു പ്രവർത്തനമായി ജനങ്ങൾ ധരിച്ചുപോകുന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്താനില്ല. എല്ലാകാര്യങ്ങളിലും ധീരമായ ഒരു പരിപാടി കൈയ്ക്കൊണ്ടു, ഈ രാജ്യത്തു ഇതിനുമുൻപുണ്ടായിട്ടുള്ള പാരമ്പര്യങ്ങളെ തള്ളിനീക്കിക്കൊണ്ടു്, മുൻപോട്ടു പോകുമെന്നുള്ള പ്രതീക്ഷയാണു് ഈ ഗവണ്മെൻറിൻെറ നേർക്കു് ഇവിടത്തെ സാമാന്യജനങ്ങൾക്കുള്ളതു്. ചിലരുടെ ഉന്മാക്കിക്കാണിക്കൽ കണ്ടു് ഭയന്നാണു് ഈ ഗവണ്മെൻറു് പോകുവാൻ വിചാരിക്കുന്നതെങ്കിൽ ഈ ഗവണ്മെൻറു് അധികകാലം നിലനിൽക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MISS ANNIE MASCARENE : The hon'ble member has deviated from the subjcet.

MR. K. M. CHANDY : അതുകൊണ്ടു് ഈ ബില്ലിൻെറ പരിഗണനാസന്ദർഭത്തിൽ പാവപ്പെട്ടവരുടെ പക്കൽനിന്നും ഗവണ്മെൻറു് അടുത്തകാലത്തു പിടിച്ചുപറിച്ചിട്ടുള്ള സംഖ്യകൂടി തിരിച്ചുകൊടുക്കുവാനുള്ള വ്യവസ്ഥയും ബില്ലിൽ ഉണ്ടായിരിക്കണമെന്നകാര്യം ഗവണ്മെൻറു് പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു.

MR. V. MADHAVAN : സർ, ഈ ബില്ലിനെ പരാമർശിച്ചു രണ്ടുവാക്കു സംസാരിക്കുവാൻ ഞാനും ആഗ്രഹിക്കുന്നു. ആദായനികുതി തീരെ കൊടുക്കാതെ ഒഴിഞ്ഞുമാറി നിൽക്കുന്നവരിൽനിന്നും ആദായനികുതി ഈടാക്കണമെന്നുദ്ദേശിച്ചുകൊണ്ടാണു് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളതു്. ഈ സഭയിൽ ഇതിനു മുൻപു പാസാക്കീട്ടുള്ള ഒരു പ്രമേയത്തെ അടിസ്ഥാനമാക്കിയാണു് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. ആ നിലയ്ക്കു ഈ ബില്ലിനെ മുഴുവനുമായി എതിർക്കുന്നതു ശരിയല്ലെന്നു് എനി

LIBRARY ARCHIVES Kerala Legislative Assembly

ക്കറിയാം. അതിനാൽ ജനങ്ങൾക്കു കടന്ന ഉപദ്രവമുണ്ടാക്കിത്തീർക്കുന്നതായി ഈ ബില്ലിൽ ഉള്ള ചില സംഗതികളെ സംബന്ധിച്ചു ചിലതു പറയാമെന്നുമാത്രമെ ഞാൻ വിചാരിക്കുന്നുള്ളു.

ഒരിക്കൽ ആദായനികുതി ഉണ്ടെന്നു കണ്ടുപിടിച്ചു് അതു് എത്ര യാണെന്നു തിട്ടപ്പെടുത്തി ആ സംഖ്യ ഗവണ്മെൻറു് ഈടാക്കി കഴിഞ്ഞ ശേഷം അങ്ങനെയുള്ളവരിൽനിന്നുതന്നെ ഇനിയും കുറെ സംഖ്യകൂടി ഈടാക്കണമെന്നു വിചാരിക്കുന്നതും അതിനുള്ള നടപടികൾ എടുക്കുന്നതും ഒരു ഗവണ്മെൻറിന്റെ നിലയ്ക്കു ശരിയാണെന്നു തോന്നുന്നില്ല. ഈ ഗവണ്മെൻറും മുൻപു ഇരുന്ന ഗവണ്മെൻറും തുടർച്ചയായിത്തന്നെ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണു്. ആ നിലയ്ക്കു മുൻപു് പ്രവർത്തനത്തിലിരുന്നിട്ടുള്ള ഗവണ്മെൻറു തീരുമാനിച്ചിട്ടുള്ള കാര്യങ്ങൾ ഇനിയും തീരുമാനിക്കേണ്ടതായിട്ടുണ്ടു് എന്നൊരു നില വരുന്നതു ഒരു സംഗതിക്കും ഒരു തീരുമാനവും കൈയ്ക്കൊള്ളുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയെ സൃഷ്ടിക്കുന്നതിനു മാത്രമേ ഉപകരിക്കുകയുള്ളു. എനിക്കറിയാവുന്നിടത്തോളം വസ്തുതകൾ വച്ചുകൊണ്ടു പറയുകയാണെങ്കിൽ ആദായനികുതി കൊടുക്കാതെ ഒഴിഞ്ഞു മാറി നിന്നിട്ടുള്ളവർ ഉണ്ടു് എന്നു പറയുന്നതുതന്നെ മുഴുവൻ ശരിയല്ല. ഇതിനു മുൻപു പലപ്പോഴും യഥാർത്ഥത്തിൽ ബാദ്ധ്യതയില്ലാത്ത തുക ചുമത്തുകയും അവർ പരാതിപ്പെടുമ്പോൾ നികുതി കുറച്ചു കൊടുക്കുകയും ചെയ്യുവന്നിട്ടുള്ളതായും അങ്ങനെ രക്ഷപ്പെട്ടിട്ടുള്ളതായും കേട്ടിട്ടുണ്ടു. പത്തോ പന്ത്രണ്ടോ ലക്ഷം രൂപാവരെ ആദായനികുതി ചുമത്തി കേസെടുത്തതായും പിന്നീടു കുറച്ചു കൊടുത്തതായും കേട്ടിട്ടുണ്ടു്. ഇതു് ഒരിക്കൽ നികുതി ചുമത്തി ഈടാക്കിയിട്ടുള്ളവരിൽനിന്നു രണ്ടാമതും ഈടാക്കുക എന്ന നയം ഉൾക്കൊള്ളുന്ന ഒരു ബില്ലാക്കിത്തീർക്കുവാൻ ഗവണ്മെൻറു ശ്രമിക്കുന്നതു ശരിയല്ലെന്നാണു് എനിക്കു തോന്നുന്നതു്. അതുകൊണ്ടു് ഈ ബില്ലു സെലക്ട് കമ്മിറ്റിയിൽ വരുമ്പോഴെങ്കിലും അതു മാറ്റിക്കളയണമെന്നാണു് എന്റെ അഭിപ്രായം.

ആദായനികുതി കൊടുക്കേണ്ട ആളുകളെ മിക്കവാറും കണ്ടുപിടിച്ചു് അവരുടെ ആദായങ്ങളെല്ലാം അരിച്ചു പെറുക്കി തിട്ടപ്പെടുത്തി ഈടാക്കേണ്ട തുക സാമാന്യമായി മുഴുവൻതന്നെ ഈടാക്കിയിട്ടുണ്ടെന്നാണു് എന്റെ വിശ്വാസം. അഥവാ, ഇനി വല്ലതും ഈടാക്കേണ്ടതായി ഉണ്ടെങ്കിൽതന്നെ വളരെ താണപടിയിലുള്ള ഉദ്യോഗസ്ഥന്മാർ

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്ന അറിവിനെ മാത്രം അടിസ്ഥാനപ്പെടുത്തി, നടപടികൾ എടുക്കുന്നതിനുംമുമ്പ് പറയേണ്ടിയിരിക്കുന്നു. നാട്ടിൻപുറങ്ങളിൽ ഉള്ള ആളുകൾക്ക് ആദായനികുതി ചുമത്തപ്പെടുന്ന രീതി ഏറ്റവും, സങ്കടകരമായിട്ടുള്ളതാണ്. ഒരു താലൂക്കിലെ തഹശീൽദാർപോലും അദ്ദേഹത്തിന്റെ അധികാരപരിധിയിൽപെട്ട പ്രദേശങ്ങളിൽ സഞ്ചരിച്ചുകൊണ്ടല്ല കാര്യങ്ങളറിയുന്നത്. പ്രവൃത്തികാരന്മാരും ചിലപ്പോൾ മാസപ്പടിക്കാരും കൊടുക്കുന്ന അറിവിനെ ആസ്പദമാക്കിയാണ് തഹശീൽദാർപോലും നടപടികൾ നടത്തുന്നത്, ഇന്നവരാണ് ആദായനികുതി കൊടുക്കേണ്ടവർ, ഇന്നവർ കൊടുക്കേണ്ടതില്ല എന്ന് അധികാരികളെ പറഞ്ഞു മനസ്സിലാക്കുന്നത് കീഴ്സിൽബന്ധികളാണ്. കീഴ്സിൽബന്ധികൾക്ക് ആരോടെങ്കിലും വിരോധമുണ്ടെങ്കിൽ അതു തീർക്കുന്നതിന് ഇങ്ങനെയുള്ള ഘട്ടം അവർ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നു. ഇത്തരം ബുദ്ധിമുട്ടുകളിൽനിന്നു ജനങ്ങളെ രക്ഷപ്പെടുത്തുവാനുള്ള കരുതലുകളും ഗവണ്മെന്റ് ചെയ്യേണ്ടതാണ്.

ഈ ബില്ലിൽ ആദായനികുതി കൊടുക്കാതെ ക്ര ക്ര ക്ര ൪-ാമാണ്ടു മുതൽ കഴിച്ചുകൂട്ടുന്ന ആളുകളെ പിടിക്കുവാനുള്ള അധികാരം കൊടുത്തിട്ടുണ്ട്. ക്ര ക്ര ക്ര ക വരെ പുറകോട്ടുപോകുന്നതു ശരിയാണെന്ന് എനിക്കഭിപ്രായമില്ല. ക്ര ക്ര ൪ ൪-ാമാണ്ടു തുടങ്ങിയ സാമ്പത്തികാധിപത്യം ഏകദേശം ക്ര ക്ര ക്ര ൧-ാമാണ്ടു വരെ നീണ്ടുനിന്നു. അതുകൊണ്ടു ക്ര ക്ര ക്ര ൧ വരെയുള്ള കാലങ്ങളിൽ അത്രവളരെ ആദായനികുതി ഈടാക്കേണ്ടതായി വരികയില്ല. അതിനു ശേഷമാണു യുദ്ധപരിതഃസ്ഥിതി നിമിത്തം ആദായം ക്രൂതലായി ലഭിക്കുവാൻ തുടങ്ങിയതു്. അതുകൊണ്ടു അത്രദൂരം പുറകോട്ടു പോകാതെ ക്ര ക്ര ക്ര വ മുതൽക്കുള്ള ആദായനികുതി തിട്ടപ്പെടുത്തുവാനും ഈടാക്കുവാനുമുള്ള നടപടികളാണു ഗവണ്മെന്റു കൈക്കൊള്ളേണ്ടതു്. അതു ഏകദേശം ക്ര ക്ര ൨൨ വരെ കണക്കാക്കിയാൽ മതിയാകും. എന്തെന്നാൽ ക്ര ക്ര ക്ര വ മുതൽ ക്ര ക്ര ൨൨ വരെയുള്ള കാലത്താണ് തിരുവിതാംകൂറിൽ സുഭിക്ഷതയുണ്ടായിരുന്നതു. ആ കാലത്തിനുള്ളിൽ വല്ലവരും ആദായനികുതി കൊടുക്കാത്തവരായി ഉണ്ടെങ്കിൽ അവരെ പിടിക്കുവാൻ ഈ നിയമം ഉപയോഗിക്കാമെന്നല്ലാതെ ഈ ബില്ലിന്റെ എല്ലാ വകുപ്പുകളേയും സാവധാനികമായി ഉപയോഗപ്പെടുത്തുവാൻ തെ അയഞ്ഞ പരുവത്തിൽ ഈ നിയമത്തെ ഉപയോഗിക്കരുതെന്നാണ് എന്റെ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

ഇതു സംബന്ധിച്ചു നിയമപരമായ എന്തെങ്കിലും സംശയം വരുമ്പോൾ ഹൈക്കോടതിയിൽ അപേക്ഷ ബോധിപ്പിക്കുവാൻ ഒരു വ്യവസ്ഥയുണ്ട്. എന്നാൽ അതിലേക്കു നിശ്ചയിച്ചിട്ടുള്ള ഫീസ് ൧൦൦ രൂപയാണെന്നു കാണുന്നു. അതു വളരെ കടന്നുപോയെന്നാണ് എന്റെ അഭിപ്രായം. വടക്കൻ പറവൂരിലുള്ള ഒരാൾ തിരുവനന്തപുരത്തുവന്ന്, ൧൦൦ രൂപാ ഹൈക്കോടതിയിൽ ഫീസുകൊടുത്തു നിയമപരമായ നടപടികൾ നടത്തുവാൻ വേണ്ട അഭിഭാഷകന്മാരെ ഏർപ്പെടുത്തി നിവൃത്തിമാർഗ്ഗം നേടാമെന്നു സാധാരണ വിചാരിക്കയില്ല. അതുമാത്രമേൽ ക്ലേശവും പണച്ചെലവും സഹിച്ച് ഇതിനു പരിഹാരമുണ്ടാക്കാമെന്നു വിചാരിക്കാതെ ആവശ്യപ്പെട്ടന്നു മുകയും കൊടുത്തു അടങ്ങിപ്പാക്കാമെന്നേ എല്ലാവരും വിചാരിക്കയുള്ളൂ. അതുകൊണ്ട് ഇതിലേക്കു വച്ചിട്ടുള്ള ഫീസും കുറവു ചെയ്യേണ്ടതാണ്.

ഇതിനു അനുബന്ധമായി ഒരു സംഗതികൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. ആദായനികുതിഡിപ്പാർട്ടുമെൻറിന്റെ ഘടനതന്നെ അത്ര നന്നായില്ല എന്ന പരാതി ജനങ്ങളുടെ ഇടയിലുണ്ട്. ആദായനികുതി കൊടുക്കുന്നതു ഈ രാജ്യത്തുള്ള നാനാവിഭാഗങ്ങളിൽപെട്ട ആളുകളാണ്. അടുത്ത കാലംവരെ വ്യാപാരത്തിലും വ്യവസായത്തിലും മറ്റു എല്ലാ മാർഗ്ഗങ്ങളിലായാലും ധനപരമായ ഔന്നത്യത്തിനു ചില പ്രത്യേക വിഭാഗക്കാർക്കു ചില മാർഗ്ഗതടസ്സങ്ങൾ ഉണ്ടായിരുന്നു എന്നുള്ളതിനു യാതൊരു സംശയവുമില്ല. എന്നാൽ അടുത്തകാലത്തു് അവക്കു ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ ഫലമായി ചിലരെല്ലാം ഉയർന്നുവന്നിട്ടുണ്ട്. അവരോടു അസൂയതോന്നി വിദ്വേഷം പ്രകടിപ്പിക്കുന്ന ആളുകളും അനവധിയുണ്ട്. ഇങ്ങനെ അസൂയബുദ്ധിയോടുകൂടി വീക്ഷിക്കുന്ന ആളുകളെകൊണ്ടാണു ഈ ഡിപ്പാർട്ടുമെൻറു ഭൂരിപക്ഷവും നിറയ്ക്കപ്പെട്ടിരിക്കുന്നതു്. ഡിപ്പാർട്ടുമെൻറിൽ ഇപ്പോൾ ജോലിനോക്കുന്ന ആളുകളുടെ പട്ടിക നോക്കുന്നപക്ഷം ഈ വസ്തുത തെളിയുന്നതാണു. എല്ലാവരെയും സമഭാവനയോടുകൂടി വീക്ഷിക്കുന്നതക്കവണ്ണം എല്ലാ വർഗ്ഗത്തിൽപെട്ട ആളുകളെയും ആ ഡിപ്പാർട്ടുമെൻറിൽ നിയമിക്കണമെന്ന അപേക്ഷയുണ്ട്. ചിലർ യഥാർത്ഥമായി കൊടുക്കേണ്ട ആദായനികുതിയെക്കാൾ കൂടുതൽ ആദായനികുതി കൊടുത്തിട്ടുള്ളതായി ഇവിടെ പരാതിയുണ്ട്. എന്തുകൊണ്ടു കൂടുതൽ ആദായനികുതി ചുമത്തപ്പെട്ടു എന്നാലോചിക്കുമ്പോൾ ഞാൻ പറഞ്ഞ ഈ കാര്യം വെളിവാകുന്നതാണു. ഗവൺമെൻറു ഈ കാര്യത്തിൽകൂടി ശ്രദ്ധിക്കണമെന്നു ക്ഷിപ്രകൊണ്ടു ഞാൻ ഈ ബില്ലിന്റെ തത്വത്തോടു യോജിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. S. JOSEPH : മി. മാളേയ്ക്കലിന്റെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ടു രണ്ടുകാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

MR. K. A. GANGADHARA MENON; But is there any amendment?

